"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്-"Make in Kerala" പദ്ധതി തുടരുന്നതിന് അനുമതി നൽകിയും പ്രസ്തുത പദ്ധതി രൂപരേഖ പുറപ്പെടുവിച്ചത് സാധൂകരിച്ചും-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ(ജെ) വകുപ്പ്**

സ.ഉ.(സാധാ) നം.75/2026/ID തീയതി,തിരുവനന്തപുരം, 23-01-2026

---

പരാമർശം:- 1. 05/06/2023-ലെ സ.ഉ(സാധാ) നമ്പർ:4224/2023/വ്യവ

2. 11.08.2023-ലെ സ.ഉ(സാധാ) നം.823/2023/ധന

**<u>ഉത്തരവ്</u>**

കേരള സംസ്ഥാനത്തിലെ ഉയർന്ന സാക്ഷരതയും, നൈപുണ്യവും കാര്യക്ഷമത ഉള്ള മാനവ വിഭവശേഷിയേയും ഉപയോഗപ്പെടുത്തി കേരള സംസ്ഥാനത്തെ ഒരു നിർമ്മാണ ഹബ്ബാക്കി മാറ്റുവാനും കേരള സംസ്ഥാനത്തിലെ എല്ലാ മേഖലയും സ്പർശിക്കുന്ന ഉൽപ്പാദന മേഖലയിൽ വളർച്ച ഉണ്ടാക്കുവാനും ആയതു വഴി ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും കയറ്റുമതി പ്രോൽത്സാഹിപ്പിക്കുവാനും 'മേക്ക് ഇൻ കേരള പദ്ധതി' നടപ്പിലാക്കുന്നതിലൂടെ സാധിക്കുന്നതാണ്.

‘ Make in Kerala’ പദ്ധതിക്കായി 100 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. എന്നാൽ പ്രസ്തുത പദ്ധതിക്കായി പ്രത്യേക ശീർഷകവും ഫണ്ടും വകയിരുത്തിയിട്ടില്ലാത്തതിനാൽ ആയത് ചെയ്യുന്നതിനായി സൂചന [1]-ൽ പരാമർശിച്ചിരിക്കുന്ന 05.06.2023- ലെ ജി.ഒ(ആർ.ടി) 4224/2023/Fin ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി തുടർനടപടി സ്വീകരിക്കുവാൻ ധനകാര്യവകുപ്പ് അനുമതി നൽകി. അയത് പ്രകാരം പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പരിശോധിക്കുകയും അത് പ്രകാരം ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് പുതിയ ബഡ്ജറ്റ് ശീർഷകം ആവശ്യമില്ലെന്നും പിന്നീട് ആവശ്യമായ സമയത്ത് അനുവദിച്ചു നൽകി ഫണ്ട് അനുവദിക്കുന്നതാണെന്നുമുള്ള വ്യവസ്ഥ പാലിച്ചുകൊണ്ടും ‘ Make in Kerala’ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിനായുമുള്ള

മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിച്ചിരുന്നു.

'Make in Kerala' പദ്ധതിയ്ക്ക് അധിക സാമ്പത്തിക ബാധ്യത വരാതെ ജീവനക്കാരുടെ പുനർവിന്യാസത്തിലൂടെയും, ചുമതലകൾ പുനർവിന്യസിച്ച് നൽകുന്നതിലൂടെയും നിയമിക്കുവാൻ കഴിയുമോയെന്ന സാധ്യത പരിശോധിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ സംവിധാനത്തിന്റെ വിശദാംശങ്ങൾ ഒഴിവാക്കികൊണ്ട് പരാമർശം (2)-ലെ ഉത്തരവ് പ്രകാരം അംഗീകാരം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ SDG പ്രൊപ്പോസൽ സമർപ്പിക്കുകയും 2023-2024 സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായി 4851-00-102-87 എന്ന ശീർഷകം അനുവദിച്ച 1000/- രൂപ token provision ലഭിക്കുകയും ചെയ്തിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 'Make in Kerala" പദ്ധതി തുടരുവാനും പരാമർശം(2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിനു സാധൂകരണം നൽകികൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, വ്യവസായ-വാണിജ്യ വകുപ്പ്

ധനകാര്യ (I &PW-A) വകുപ്പ്

പൊതുഭരണ(എസ്.സി) വകുപ്പ്(ഇനം നമ്പർ:3569 തീയതി: 21.01.2026)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ &ഇ /ആഡിറ്റ്),കേരള ,തിരുവനന്തപുരം

വെബ് &ന്യൂ മീഡിയ,ഐ & പി.ആർ.ഡി വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി(ജെ2/142/2023/വ്യവ)

ഉത്തരവിൻ പ്രകാരം

Signed by
Hari G S
Date: 24-01-2026 11:34:51

സെക്ഷൻ ഓഫീസർ

പകർപ്പ്
വ്യവസായ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ PA യ്ക്ക്.